## പത്രക്കുറിപ്പ്

## സംസ്ഥാന സർക്കാർ അക്ഷയ ഊർജ്ജ അവാർഡ് 2018

## അപേക്ഷകൾ ക്ഷണിക്കുന്നു

അക്ഷയ ഊർജ്ജ രംഗത്ത് വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന വ്യാവസായിക വാണിജ്യ സംരംഭകർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഇതര സംഘടനകൾ, വ്യക്തികൾ, ഗവേഷണം, ഊർജ്ജ രംഗത്തെ വ്യവസായികൾ എന്നിവർക്ക് സംസ്ഥാന സർക്കാർ അനെർട്ട് മുഖാന്തരം അവാർഡ് നൽകി ആദരിക്കുന്നതാണ്.

അക്ഷയഊർജ്ജ അവാർഡ് 2018ന് 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള കാലയളവാണ് പരിഗണിക്കുന്നത്. കേരള സർക്കാർ സംസ്ഥാനതലത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള മോണിട്ടറിംഗ് കമ്മറ്റിയുടെ തീരുമാനം അനുസരിച്ചായിരിക്കും അവാർഡ് നൽകുന്നത്. അവാർഡ് തുകയായി വ്യക്തിഗത അവാർഡ് ഒഴികെ മറ്റ അവാർഡുകൾക്ക് ഒരു ലക്ഷം രൂപയും ഫലകവും പ്രശസ്തിപത്രവും വ്യക്തിഗത അവാർഡ് ജേതാകല്ക്ക് അൻപതിനായിരം രൂപയും നൽകുന്നതാണ്. ഈ രംഗത്ത് സമഗ്രസംഭാവന നൽകിയ വ്യക്തികൾക്കുള്ള അംഗീകാരമായി പ്രത്യേക അവാർഡും നൽകുന്നതാണ്.

2019 ഫെബ്രുവരി 28-ന് സംഘടിപ്പിക്കുന്ന പൊതു പരിപാടിയിൽ വച്ച് അവാർഡ് വിതരണം ചെയ്യുന്നതാണ്. നിശ്ചിത അപേക്ഷകൾ താഴെപ്പറയുന്ന വിലാസത്തിൽ 2019 ജനുവരി 12-ന് മുമ്പായി എത്തിക്കേണ്ടതാണ്.

The Programme Officer, ANERT District Office, Kattungal Complex, Avalookunnu P.O, Alappuzha-688006; Tel:0477-2235591, 9188119404; e-mail: re-award@anert.in on or before 12 January 2019

വിശദവിവരങ്ങൾ അനെർട്ടിന്റെ വെബ്സൈറ്റിൽ www.anert.gov.in ലഭ്യമാണ്

Director